ഐസിഡിഎസ് ബി4/24506/18

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ 0471-2346508
ഈ-മെയിൽ- icdsbsection@gmail.com
തീയതി : 27.07.2022

# പരിപത്രം

വിഷയം : വ.ശി.വി.വ-ഐസിഡിഎസ്-അങ്കണവാടി ജീവനക്കാര്യം–W.P© No.24893/18 ശ്രീമതി മോനിഷ എം.എസു കൂട്ടരും ഫയൽ ചെയ്ത ഹർജിയിലെ 26.11.2019 ലെ വിധിന്യായത്തിനെതിരെ – ശ്രീമതി ശാന്തി എസ്.വിയും കൂട്ടരും ഫയൽ ചെയ്ത WA No.905/2020 ൻമേൽ 15.07.2022 ൽ പുറപ്പെടുവിച്ചിട്ടുള്ള ഇടക്കാല വിധിന്യായം- സെലക്ഷൻ കമ്മിറ്റി രൂപീകരണവും തുടർ നടപടികളും – പുനരാരംഭിക്കുന്നത് - സംബന്ധിച്ച്

സൂചന :
1. 26.11.2019 ലെ W.P© No.24893/18 ഹർജിയിലെ അന്തിമ വിധിന്യായം
2. ഈ കാര്യാലയത്തിലെ 23.02.2021 തീയതിയിലെ ഇതേ നമ്പർ പരിപത്രം
3. 26.11.2019 ലെ W.P© No.24893/18 ഹർജിയിലെ അന്തിമ വിധിന്യായത്തിനെതിരെ ശ്രീമതി ശാന്തി എസ്.വിയും കൂട്ടരും ഫയൽ ചെയ്ത റിട്ട് അപ്പീലിൻമേൽ 21.07.2020, 15.07.2022 തീയതികളിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ഇടക്കാല വിധിന്യായങ്ങൾ

അതിയന്നൂർ ഐസിഡിഎസിലെ നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിലെ അങ്കണവാടി വർക്കർ/ഹെൽപ്പർ സെലക്ഷൻ ലിസ്റ്റിനെതിരെ ശ്രീമതി മോനിഷ എം.എസു കൂട്ടരും W.P© No.24893/18 നമ്പരായി ഫയൽ ചെയ്ത ഹർജിയിൽ സൂചന (1) പ്രകാരം ബഹു ഹൈക്കോടതി പുറപ്പെടുവിച്ച വിധന്യായത്തിൽ, സെലക്ഷൻ കമ്മിറ്റിയും മാനദണ്ഡങ്ങളും നിർദ്ദേശിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ മാറ്റം വരുത്തുവാനും 26.11.2019 ന് മുൻപായി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് സെലക്ഷൻ നടപടികൾ പൂർത്തിയായിട്ടുള്ള ഇടങ്ങളിൽ സെലക്ഷൻ ലിസ്റ്റിൽ നിന്നും നിയമനം നടത്താവുന്നതാണെന്നും നിർദ്ദേശിച്ചിരുന്നത്. ഈ സാഹചര്യത്തിൽ 26.11.2019 ന് ശേഷം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് സെലക്ഷൻ നടപടികൾ ആരംഭിച്ചിട്ടുള്ള ഇടങ്ങളിൽ, ടി വിഷയത്തിൽ സർക്കാർ സമർപ്പിച്ചിട്ടുള്ള റിട്ട് അപ്പീലിൻമേൽ അന്തിമ വിധി വരുന്നത് വരെയോ സർക്കാർ പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയോ, സെലക്ഷൻ നടപടികൾ ഇനിയൊരു നിർദ്ദേശം ഉണ്ടാകുന്നതുവരെ നിർത്തി വയ്ക്കേണ്ടതാണെന്ന് മേൽ സൂചന (2) പ്രകാരവും നിർദ്ദേശിച്ചിരുന്നു.

സൂചന(1) വിധിന്യാത്തിനെതിരെ ശ്രീമതി ശാന്തി എസ്.വിയും കൂട്ടരും ഫയൽ ചെയ്ത റിട്ട് അപ്പീൽ നം. 905/2020 ൻമേൽ ബഹു ഹൈക്കോടതി സൂചന (3)

പ്രകാരം പുറപ്പെടുവിച്ചിരുക്കുന്ന ഇടക്കാല വിധിന്യായ പ്രകാരം മേൽ സൂചന (1) വിധിന്യായം ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെ സ്റ്റേ ചെയതിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കൽ നടപടികൾ എല്ലാ പ്രോജക്ടുകളിലും പുനരാരംഭിക്കാവുന്നതാണ്. അതോടൊപ്പം, പ്രോജക്ടുകളിൽ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കൽ നടപടികൾ ആരംഭിച്ച് വിവിധ ഘട്ടങ്ങളിലെത്തി നിൽക്കുന്ന സെലക്ഷൻ ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്. പ്രസ്തുത നടപടികൾ ടി പരിപത്ര തീയതി മുതൽ ഒരു മാസത്തിനകം പൂർത്തിയാക്കി റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും , സമയപരിധി കർശനമായി പാലിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. സമയപരിധി പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്.

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
3. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. സ്റ്റോക്ക് ഫയൽ/സ്പെയർ